**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3191** **04-08-2021 - ൽ മറുപടിയ്ക്ക്**

**പെരുനാട് സി.എച്ച്.സി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായണ്‍ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിൽ നിന്ന് പ്രാഥമിക ചികിത്സയ്ക്കായി ആദ്യമെത്തിക്കുന്ന പെരുനാട് സി.എച്ച്.സി യുടെ പ്രവർത്തന സമയം 24 മണിക്കൂറായി ക്രമീകരിക്കുന്നതിലേക്കായി ഡോക്ടർമാരുടെ എണ്ണവും സേവനവും വർദ്ധിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ) | റാന്നി പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 37.5 ലക്ഷം രൂപ (മുപ്പത്തി ഏഴര ലക്ഷം രൂപ) അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. 5 ഡോക്ടർമാരുടെ തസ്തിക നിലവിലുണ്ട്. കൂടാതെ എൻ. എച്ച്. എം മുഖേന 4 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് സാഹചര്യത്തിൽ ഡോക്ടർമാരെ CFLTC ഡ്യൂട്ടിയിലും, വാക്സിനേഷൻ ഡ്യൂട്ടിയിലും നിയോഗിക്കുന്നതിനാൽ ആണ് 24 മണിക്കൂർ സേവനം നൽകാൻ കഴിയാത്തത്. കോവിഡ് വ്യാപനത്തിന് മുമ്പ് ഉള്ള കാലയളവിൽ ശബരിമല തീർത്ഥാടന സമയത്ത് പൂർണ്ണമായ തോതിൽ ജീവനക്കാരെ നിയമിച്ച് 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കിയിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) | സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ